**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 935** **31-01-2024 - ൽ മറുപടിയ്ക്ക്**

**വനം വകുപ്പിന്റെ ഭരണ റിപ്പോർട്ടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനം വകുപ്പിന്റെ 2021- 22 വർഷത്തെ ഭരണ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള വനഭൂമി കയ്യേറ്റത്തിന്റെ വിശദാംശം വ്യക്തമാക്കുമോ; | (എ) | 2021- 22 വർഷത്തെ ഭരണ റിപ്പോർട്ടിൽ നടപ്പ വർഷം കയ്യേറ്റം ചെയ്യപ്പെട്ട ഭൂമി 5024.535 ഹെക്ടർ എന്ന് തെറ്റായി രേഖപ്പെടുത്തിയിരുന്നു. എന്നാൽ 2021- 22 കാലയളവിനു മുൻപുള്ള ആകെ കയ്യേറ്റങ്ങളാണ് റിപ്പോട്ടിൽ കാണിച്ചിട്ടുള്ളത്. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫിനാൻസ്, ബഡ്ജറ്, ഓഡിറ്റ്) ലഭ്യമാക്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഭരണ റിപ്പോർട്ടിൽ തെറ്റ് തിരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | 2022-23 വർഷത്തെ ഭരണ റിപ്പോർട്ട് തയ്യാറായിട്ടുണ്ടോ; ഇല്ലെങ്കിൽ ഭരണ റിപ്പോർട്ട് തയ്യാറാക്കുന്നതിൽ കാലതാമസം നേരിടുന്നതിന് കാരണം വ്യക്തമാക്കുമോ; | (ബി) | 2022-23 വർഷത്തെ ഭരണ റിപ്പോർട്ട് തയ്യാറാക്കൽ അന്തിമ ഘട്ടത്തിലാണ് |
| (സി) | 2022, 2023 വർഷങ്ങളിലെ വന സ്ഥിതിവിവര റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ പ്രസ്തുത റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കുമോ; | (സി) | 2022 വർഷത്തെ വന സ്ഥിതിവിവര റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിനായി കരട് തയ്യാറാക്കിയിട്ടുണ്ട്. റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്. 2023 വന സ്ഥിതിവിവര റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (ഡി) | പ്രസ്തുത റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ഡി) | സ്വീകരിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ